ഉത്തരം

(എ) 29-10-2001-ന് 10.30 മണിക്ക്.

(ബി)&(സി) കേസ് അന്വേഷണാവസ്ഥയിലാണ്. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) കേസ് ക്രൈംബ്രാഞ്ച് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നെങ്കിലും വ്യക്തമായ തെളിവുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഇ) ഇത്രായി മാസ്റ്റർ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് തിരുനെല്ലി പി.എസ്സിൽ ക്രൈം നം.108/01 യു/എസ്. 397, 302 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മാനന്തവാടി സി.ഐ. അന്വേഷണം നടത്തിയതിൽ തൊട്ടടുത്ത കാട്ടിൽ നിന്നും ഒരു മങ്കി ക്യാപ്, ലുങ്കി, ഒരു ഷർട്ട് എന്നിവ കണ്ടെടുത്തിട്ടുണ്ട്. ഇവ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവരുടേതാണെന്ന് സംശയിക്കുന്നു. കൂടുതൽ അന്വേഷണം നടത്തിയതിൽ പ്രതികളെ കണ്ടെത്താനോ നഷ്ടപ്പെട്ട മുതൽ കണ്ടെത്താനോ കഴിഞ്ഞിട്ടില്ല. തുടർന്ന് കൂടുതൽ വിശദമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിൽ ക്രൈം നം.391/സി.ആർ/02 ആയി റീ നമ്പർ ചെയ്ത് അന്വേഷിച്ചുവരുന്നു.

വെൺമണി മിനിയുടെ കൊലപാതകം

74 (1543) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ തവിഞ്ഞാൽ പഞ്ചായത്തിൽ വെൺമണി മിനി കൊല ചെയ്യപ്പെട്ടതെന്നാണ് ;

(ബി) പ്രസ്തുത കൊലപാതകം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തുവോ ;

(സി) ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലിരിക്കുന്നു എന്നതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) ഈ കേസ് ചാർജ്ജ് ചെയ്തുവോ ;

(ഇ) എങ്കിൽ ഇതിലെ പ്രതികളെ അറസ്റ്റു ചെയ്തുവോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 22-2-2002-നും 1-3-2002-നും ഇടയിലുള്ള ദിവസം.

(ബി) തലപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 21/02 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അന്വേഷണത്തിൽ മിനിയുടെ മരണം കൊലപാതകമാണെന്ന് ബോധ്യപ്പെട്ടതിനാൽ അസ്വാഭാവിക മരണം എന്ന സെക്ഷൻ മാറ്റി ഐ.പി.സി.302 ആക്കി 3-3-2002 മുതൽ മാനന്തവാടി സി.ഐ. അന്വേഷിച്ചുവരുന്നു. കൊലപാതകവുമായി ബന്ധപ്പെട്ട് മിനിയുടെ അയൽവാസിയായ വെള്ളിയെ

LIBRARY ARCHIVES Kerala Legislative Assembly

സംശയിച്ചുവരുന്നു. വെള്ളി ഒളിവിൽ പോയതിനാൽ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ടിയാനെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ഡി) ഇല്ല.

(ഇ) ഇല്ല. കൊലപാതകവുമായി ബന്ധപ്പെട്ട് സംശയിക്കുന്ന 'വെള്ളി' ഒളിവിൽ പോയതിനാൽ പോലീസിന് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

അമരംപലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

75 (1544) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നാല് പഞ്ചായത്തുൾപ്പെടുന്ന നിലമ്പൂർ പോലീസ് സ്റ്റേഷൻ ഏരിയ വിസ്തൃതമായതിനാൽ കരുളായി, അമരംപലം പഞ്ചായത്തുകളെ ഉൾപ്പെടുത്തി അമരംപലത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്ത് താമസിക്കുന്ന വിദേശ പൗരന്മാരും സംസ്ഥാനം സന്ദർശിച്ച വിദേശ പൗരന്മാരും

76 (1545) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് താമസിക്കുന്ന വിദേശ പൗരന്മാർ എത്ര പേരാണെന്നും അവർ ഏതെല്ലാം രാജ്യക്കാരാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദേശ പൗരന്മാർ സംസ്ഥാന മന്ത്രിമാരുടെ അതിഥികളായി എത്തിയിട്ടുണ്ടെന്നും എത്ര വിദേശ പൗരന്മാർ സംസ്ഥാന മന്ത്രിമാരെ സന്ദർശിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ഥിരമായി താമസിക്കുന്നവരും മതിയായ രേഖകൾ ഇല്ലാത്തവരുമായ വിദേശ പൗരന്മാർ ആരൊക്കെയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരാണെന്നും ഏതൊക്കെ രാജ്യക്കാരാണെന്നും വെളിപ്പെടുത്തുമോ ?.

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly